**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 260** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ കലാപഠനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കലാസാക്ഷരരായ സമൂഹത്തെ സൃഷ്ടിക്കുന്നതിലേക്ക് സ്കൂളുകളിലെ കലാപഠനത്തിന് പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനും പ്രത്യേകമായി വിഷയങ്ങൾ നിശ്ചയിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; അതിനായി കലാവിഭാഗം അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | കലാസാക്ഷരതയുള്ള സമൂഹത്തിന്റെ സൃഷ്ടിക്കായി സ്കൂളുകളിൽ കലാപഠനത്തിന് പ്രത്യേകം പാഠപുസ്തകങ്ങൾ നിർമിക്കുന്നതിന് കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 നിർദ്ദേശിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2024-25 അധ്യയന വർഷം 5, 7, 9 ക്ലാസുകളിൽ കലാപഠനത്തിന് ആക്ടിവിറ്റി ബുക്കുകൾ നിർമ്മിച്ചു വിതരണം ചെയ്തിട്ടുണ്ട്. ചിത്ര-ശിൽപ്പകല, പ്രയുക്ത കല (Applied Art), നാടകം, നൃത്തം, സിനിമ, തനതുകലകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് മേൽ ആക്ടിവിറ്റി ബുക്കുകൾ തയാറാക്കിയിട്ടുള്ളത്. കേരളത്തിലെയും ഇന്ത്യയിലെയും ലോകത്തിലെയും പ്രസ്തുത കലകളുമായി ബന്ധപ്പെട്ട അറിവുകളും കലാചരിത്രവും ഈ പുസ്തകങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>കേരളത്തിലെ കലാധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പ്രാഥമിക നടപടികൾ പൂർത്തിയായിട്ടുണ്ട്.<br><br>അവധിക്കാലപരിശീലനത്തിൽ പുതിയ പുസ്തകങ്ങളെപ്പറ്റിയും അത് എങ്ങനെ ക്ലാസ്റൂമുകളിൽ വിനിമയം ചെയ്യണം എന്നതിനെപ്പറ്റിയും വിശദമായ പരിശീലനം നൽകി. വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള പ്രഗത്ഭരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനപദ്ധതിയും തയാറാക്കിയിട്ടുണ്ട്. |
| (ബി) | പരിശീലനത്തിനുപരി ശിൽപ്പകലയുടെയും ചിത്രകലയുടെയും ദേശീയവും വൈദേശികവുമായ ചരിത്രവും സംസ്കാരവും പഠിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ; പാഠപുസ്തകം തയ്യാറാക്കുന്നതിന് ഈ രംഗത്തെ വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തിയിരുന്നോ; വ്യക്തമാക്കാമോ? | (ബി) | പരിശീലനത്തിനുപരി കലാധ്യാപകർക്ക് പ്രത്യേകം ക്യാമ്പുകൾ സംഘടിപ്പിച്ച് ദേശീയവും വൈദേശീയവുമായ ചരിത്രവും സംസ്കാരവും പഠിപ്പിക്കുന്നതിന് റസിഡൻഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രത്യേകം പരിശീലനം നൽകും. പാഠപുസ്തകം തയാറാക്കിയപ്പോൾ ഈ രംഗത്ത് |

| | | | |
|---|---|---|---|
| | | | മികച്ച വിദ്യാഭ്യാസ യോഗ്യത നേടിയവരും സ്കൂളുകളിൽ ദീർഘകാലം പഠിപ്പിച്ച് പ്രാഗത്ഭ്യം തെളിയിച്ചവരുമായ വിദഗ്ധരെയാണ് അതത് വിഷയങ്ങൾ സംബന്ധിച്ച പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിന് വേണ്ടി നിയോഗിച്ചത്. 6, 8, 10 ക്ലാസുകളിലേക്കും അത്തരം അധ്യാപകരുടേയും വിദഗ്ധരുടേയും സേവനം ഉപയോഗിച്ചുകൊണ്ട് പാഠപുസ്തകങ്ങൾ എഴുതിത്തയ്യാറാക്കും. എന്നാൽ കലാവിദ്യാഭ്യാസത്തിന് പ്രത്യേകം ബി.എഡ്. ഇല്ലാത്തതുകൊണ്ട് ചൈൽഡ് സൈക്കോളജിയിലും ബോധനശാസ്ത്രത്തിലും പ്രത്യേകം പരിശീലനങ്ങൾ നൽകുവാനുള്ള തയാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ